നവീകരണം നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇതു പൂർത്തീകരിക്കുന്ന മുറയ്ക്ക് മില്ലിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നതാണ്.

(എഫ്) 2015 ജൂലൈ മാസത്തിൽ മില്ലിലെ മെഷീനുകൾ പൂർണ്ണമായി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നവീകരണം നടപ്പിലാക്കുന്നതോടൊപ്പം 25000 സ്പിൻഡിൽസും പ്രവർത്തിപ്പിക്കാവുന്നതാണ്.

കൊച്ചി-മംഗലാപുരം വാതക പൈപ്പ് ലൈൻ

152(2141) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി-മംഗലാപുരം വാതക പൈപ്പ് ലൈൻ പ്രവൃത്തി പുരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ജനവാസ കേന്ദ്രങ്ങളിലൂടെ ഗെയിലിന്റെ വാതക പൈപ്പ് ലൈൻ കടന്നുപോകുന്ന എന്ന കാരണത്താൽ നിരവധി മേഖലയിൽ ജനകീയ പ്രതിഷേധങ്ങൾ ഉയർന്നുവരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജനങ്ങളെ വിശ്വാസത്തിലെടുത്ത് മതിയായ നഷ്ട പരിഹാരം നൽകി പരാതികളില്ലാത്തവിധം പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എറണാകുളം, മലപ്പുറം, ജില്ലകളിലെ പഞ്ചനാമ തയ്യാറാക്കുന്ന ജോലികൾ ആരംഭിച്ചിട്ടുണ്ട്. വെൽഡിംഗ് കഴിഞ്ഞ് ഉപരിതലത്തിൽ കിടക്കുന്ന 32 കിലോമീറ്റർ ദൂരത്തിലുള്ള പൈപ്പുകൾ കുഴിച്ചിടുന്നതിനായി 11-6-2015-ൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പൈപ്പിടൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പാലക്കാട് ജില്ലയിൽ, ജില്ലാ കളക്ടർ, ഒറ്റപ്പാലം സബ്കളക്ടർ, ആർ.ഡി.ഒ., പൈപ്പ് ലൈൻ കടന്നുപോകുന്ന വില്ലേജിലെ വില്ലേജ് ഓഫീസർമാർ എന്നിവരടങ്ങുന്ന ഒരു ടീം രൂപവത്ക്കരിച്ചിട്ടുണ്ട്.

(ബി) ജനവാസ കേന്ദ്രങ്ങൾ പരമാവധി ഒഴിവാക്കി പൈപ്പ് ലൈൻ സ്ഥാപിക്കുവാനാണ് ഗെയിൽ പരിശ്രമിക്കുന്നത്. എന്നിരുന്നാലും ജനവാസ കേന്ദ്രങ്ങൾ പൂർണ്ണമായും ഒഴിവാക്കുക എന്നത് പ്രായോഗികമല്ല. ഇതിനെതുടർന്ന് ജനകീയ പ്രക്ഷോഭങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

(സി) ജനങ്ങളെ പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ട് മാത്രമേ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന നടപടികൾ പൂർത്തിയാക്കുകയുള്ളൂ. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയുടെ വിനിയോഗാവകാശം മാത്രമേ ഗെയിലിന് നൽകേണ്ടതുള്ളൂ. ഇതിനായി ഭൂമിയുടെ വിപണി വിലയുടെ 50% വരെ നഷ്ടപരിഹാരമായി നൽകുവാൻ ഗെയിൽ സന്നദ്ധത അറിയിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ഭൂമിയുടെ വിലയുടെ 10% മാത്രമാണ് ഗെയിൽ നഷ്ടപരിഹാരമായി നൽകുന്നത്. പദ്ധതിയുടെ സുരക്ഷിതത്വത്തെപ്പറ്റി ജനങ്ങളുടെ മനസ്സിലുണ്ടായിട്ടുള്ള ആശങ്കയാണ് ജനങ്ങളുടെ എതിർപ്പിന് ആധാരമായിട്ടുള്ളത്.

പദ്ധതിയുടെ സുരക്ഷിതത്വത്തെപ്പറ്റിയും പദ്ധതിയിലൂടെ സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും അതിലൂടെ പൈപ്പ് ലൈൻ പദ്ധതിയെപ്പറ്റിയുള്ള ജനങ്ങളുടെ ആശങ്കയകറ്റുവാനും സർക്കാർ വിവിധ തലങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

പത്രപരസ്യങ്ങളിലൂടെയും, ലഘുലേഖകൾമുഖേനയും, എഫ്.എം. റേഡിയോയിലൂടെയും സർക്കാർ വകുപ്പുകൾ, വിവിധ NGO-കൾ, ഇതര ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾവഴിയും ബോധവത്ക്കരണം നടത്തിവരുന്നുണ്ട്. ഇതിനുപുറമേ ഗെയിലിന്റെ ഭാഗത്തുനിന്ന് വില്ലേജുകൾതോറും ഉദ്യോഗസ്ഥർ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

ഗെയ്ൽ പൈപ്പ് ലൈൻ

153(2142) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെല്ലാം ജില്ലകളിലൂടെയാണ് ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത പൈപ്പ് ലൈൻ കടന്നുപോകുന്ന എല്ലാ പ്രദേശങ്ങളിലും എതിർപ്പുകൾ ഉണ്ടോ ; ഇതിനകം ഏതെല്ലാം പ്രദേശങ്ങളിലാണ് ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത് ;

(സി) ഗെയ്ൽ പൈപ്പ് ലൈൻ പദ്ധതിക്കെതിരെ സമരം ചെയ്യുന്നവരെ അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കണമെന്ന് ചീഫ് സെക്രട്ടറിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്മേൽ നിലപാട് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഷയത്തിൽ ജനങ്ങളുടെ ആശങ്ക അകറ്റുവാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്,

LIBRARY ARCHIVES Kerala Legislative Assembly